©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 ഒക്ടോബർ 17<br>17th October 2017<br>1193 തുലാം 1<br>1st Thulam 1193<br>1939 ആശ്വിനം 25<br>25th Aswina 1939 | നമ്പർ<br>No. | 41 |

# PART IV

# Private Advertisements and Miscellaneous Notifications

Gaz. No. 41/2017/DTP (Part IV).

| (1) | (2) | (3) |
|---|---|---|
| 4 | Concrete jetties used for loading and unloading of fish or ice, jetties located near ice plants used commercially for tying up four or more fishing boats belonging to others | 35,000 |
| 5 | Concrete jetties used commercially for tying up not more than three fishing boats belonging to others | 10,000 |
| 6 | Wooden jetties used for tying up fishing boats belonging to others | 10,000 |
| 7 | Temples, Mosques and Churches for blessing purposes only | 5,000 |

*Note:*—(a) The above rates are inclusive of Inspection fees.

(b) The above rates are exclusive of Service Tax, which will be applicable at the prevailing rate.

(c) Annual escalation @ 5% on existing rate will be applicable.

(d) For new concrete/temporary jetties lease rent may be collected taking into account the bed of backwaters in addition to license fees.

(e) Late payment of license fees will be ` 20 for jetty/pier per month.".

(Sd.)
*Secretary.*

---

## ഭക്ഷ്യസുരക്ഷാ വകുപ്പ്

### ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം

ഐ.പി.ഡി.-ബിൽഡിംഗ്, കോട്ടപറമ്പ്, കോഴിക്കോട്

### ദർഘാസ് പരസ്യം

നമ്പർ 882/എസിഎഫ്എസ്/2017. 2017 സെപ്റ്റംബർ 25.

കേരള ഗവർണ്ണർക്കുവേണ്ടി കോഴിക്കോട് ജില്ലാ ഭക്ഷ്യ സുരക്ഷാ അസി. കമ്മീഷണർ താഴെ പറയുന്ന വാഹനം ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ ഡ്രൈവർ ഉൾപ്പെടെ വിട്ടു നൽകുന്നതിനായി വാഹന ഉടമകളിൽ നിന്ന് മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് നമ്പർ—01/എസിഎഫ്എസ്/2017-18.

വാഹനത്തിന്റെ പേരും അടങ്കൽ തുകയും—മഹീന്ദ്ര ബോലിറോ/ടാറ്റാ സുമോ പ്രതിമാസം— ` 30,000-35,000.

നിരതദ്രവ്യം—` 2,100.

ദർഘാസ് ഫോറത്തിന്റെ വില—` 500+18% ജി.എസ്.ടി.

ദർഘാസ് ഫോറം വിൽക്കുന്ന അവസാന തീയതിയും സമയവും—19-10-2017 മുതൽ 21-10-2017, 12.30 മണി വരെ.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—26-10-2017, 2 മണി വരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—28-10-2017, 3 മണി.

ദർഘാസ് സംബന്ധിച്ചുള്ള ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. കാരണം കൂടാതെ ദർഘാസ് റദ്ദ് ചെയ്യാനോ മാറ്റി വെയ്ക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ച വാഹനകരാറിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഏലിയാമ്മ, പി. കെ.**
അസിസ്റ്റന്റ് കമ്മീഷണർ.

---

## മാനന്തവാടി നഗരസഭാ കാര്യാലയം

പി. ഒ. മാനന്തവാടി, പിൻ-670 645, വയനാട് ജില്ല

email : mndymunicipality@gmail.com

### വിജ്ഞാപനം

നമ്പർ ബി6/573/2017. 2017 സെപ്റ്റംബർ 19.

ബഹു. കേരള സർക്കാരിന്റെ 30-4-2015-ലെ 153/2015 ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം മാനന്തവാടി പഞ്ചായത്തിനെ നഗരസഭയായി ഉയർത്തിയതിന്റെ ഭാഗമായി നിലവിലെ വസ്തു നികുതി പരിഷ്കരിക്കുവാൻ സർക്കാർ ഉത്തരവായതിന്റെ പശ്ചാത്തലത്തിൽ മേൽ തീരുമാനം നടപ്പിലാക്കുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വസ്തു നികുതി മാനദണ്ഡങ്ങൾ ബഹു. കൗൺസിലിന്റെ 17-12-2016-ലെ 171/16 നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുള്ളതും, അത് പ്രകാരം 10-1-2017 തീയതിയിൽ പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനം അന്തിമ വിജ്ഞാപനമായി കരുതി നികുതി പരിഷ്കരിക്കുന്നതിന് 14-9-2017-ലെ 77/17(12) നമ്പർ പ്രകാരം ബഹു. കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. മേൽ തീരുമാന പ്രകാരം 1-10-2015 മുതൽ മുൻകാല പ്രാബല്യത്തോടെ താഴെ പറയുംപ്രകാരം നികുതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി നിരക്കുകൾ**

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ വിവരണം | നിർണയിച്ച നിരക്ക് (ച.മീ.) |
|---|---|---|
| (1) | (2) | (3) |
| 1 | പാർപ്പിടാവശ്യം | 10 |
| 2 | പാർപ്പിടാവശ്യം-100 ച.മീ. | 10 |
| 3 | പാർപ്പിടാവശ്യം-200 ച.മീ. | 10 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ.-ന് വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 |

| (1) | (2) | (3) |
|---|---|---|
| 5 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ.-ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 80 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ. വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |
| 7 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ.-ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 120 |
| 8 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 60 |
| 9 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 60 |
| 10 | വിദ്യാഭ്യാസാവശ്യം | 15 |
| 11 | ആശുപത്രികൾ | 15 |
| 12 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 45 |
| 13 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, കശുവണ്ടി ഫാക്ടറി, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, തടിമിൽ, ഇഷ്ടികച്ചൂള, മത്സ്യ സംസ്കരണ ഷെഡ് | 25 |
| 14 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 60 |
| 15 | റിസോർട്ടുകൾ | 90 |
| 16 | അമ്യൂസ്മെന്റ് പാർക്ക് | 50 |
| 17 | മൊബൈൽ ടെലഫോൺ ടവർ | 500 |
| 18 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, ക്വാർട്ടേഴ്സ് | 60 |
| 19 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 15 |
| 20 | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡെവലപ്മെന്റ് ആക്ട്, 2006 (2006-ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 25 |
| 21 | ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 160 |

(ഒപ്പ്)
സെക്രട്ടറി,
മാനന്തവാടി നഗരസഭ.

## കേരള സ്റ്റേറ്റ് വഖഫ് ബോർഡ്

### വിജ്ഞാപനം

നമ്പർ എ15-4751/17. 2017 സെപ്റ്റംബർ 25.

കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ 3901/RA നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കോട്ടയം ജില്ല, കാഞ്ഞിരപ്പള്ളി താലൂക്ക്, എരുമേലി വില്ലേജ്, എരുമേലി മഹല്ല മുസ്ലീം ജമാഅത്ത് വഖഫിന് ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുവേണ്ടി വസ്തു വാങ്ങുന്നതിനുള്ള അനുമതിക്കായി വഖഫ് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി ആവശ്യത്തിന് ഡേവീസ് ലൂയീസ് കണ്ടത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള എരുമേലി-മുണ്ടക്കയം സംസ്ഥാന പാതയോരത്ത് സ്ഥിതി ചെയ്യുന്ന സർവ്വെ നമ്പർ 16/3-ൽ ബ്ലോക്ക് നമ്പർ 27-ൽ ഉള്ള 79.30 ആർ വസ്തുവിൽ നിന്നും 51.73 ആർ വസ്തു സെന്റൊന്നിന് ` 89,000 വിലയ്ക്ക് വാങ്ങുന്നത് സംബന്ധിച്ച് ആർക്കെങ്കിലും ഏതെങ്കിലും അഭിപ്രായമോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി 15 ദിവസങ്ങൾക്കകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഹെഡ്ഡാഫീസ്, കലൂർ, വി.ഐ.പി. റോഡ്, കൊച്ചി-682 017 എന്ന വിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ഓഫീസ്,
വി.ഐ.പി. റോഡ്,
കലൂർ, കൊച്ചി-682 017.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്
ഓഫീസർ.

## കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, എറണാകുളം

### വിജ്ഞാപനം

[1995-ലെ വഖഫ് നിയമം 65-ാം വകുപ്പ് പ്രകാരം]

നമ്പർ എ2-3117/സി.ആർ. 2017 സെപ്റ്റംബർ 25.

8-10-2015-ാം തീയതിയിലെ C3-5139/15/3117/CR നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം എറണാകുളം ജില്ല, ആലുവ താലൂക്ക്, ആലുവ മുസ്ലീം ജമാഅത്തിന്റെ ഭരണം 12-10-2015 മുതൽ ഒരു വർഷത്തേക്ക് വഖഫ് നിയമം 65 പ്രകാരം ബോർഡ് നേരിട്ട് ഏറ്റെടുത്തിട്ടുള്ളതും 23-8-2016-ലെ എ2-5139/15/3117/സി.ആർ. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 12-10-2016 മുതൽ ഒരു വർഷത്തേക്ക് കൂടി ഭരണ കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതുമാണ്.

12-10-2015 മുതൽ ബോർഡിന്റെ നേരിട്ടുള്ള ഭരണത്തിലായ ആലുവ മുസ്ലീം ജമാഅത്തിന്റെ രണ്ടാം വർഷത്തിലെ ഭരണ കാലാവധി 11-10-2017-ന് അവസാനിക്കുന്നതിനാൽ 12-10-2017 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് 19-9-2017-ാം തീയതിയിലെ ബോർഡ് യോഗം തീരുമാനിച്ചിരിക്കുന്നു.

ആകയാൽ 1995-ലെ വഖഫ് നിയമം 65(1) വകുപ്പ് പ്രകാരം ബോർഡിന്റെ നേരിട്ടുള്ള ഭരണം നടന്നുവരുന്ന ആലുവ മുസ്ലീം ജമാഅത്തിലെ ഭരണ കാലാവധി 12-10-2017 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിരിക്കുന്നു.

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ഓഫീസ്,
വി.ഐ.പി. റോഡ്,
കലൂർ, കൊച്ചി-682 017.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്
ഓഫീസർ.